## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2428 — 19-6-2013-ൽ മറുപടിക്ക്

### ജലനിധി പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അതുവഴി എത്ര പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞെന്നും വ്യക്തമാക്കുമോ; | (ബി) | ജലനിധി ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഫലമായി 3710 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുകയും അതുവഴി 11 ലക്ഷത്തോളം പേർക്ക് കുടിവെള്ളം ലഭ്യമാക്കുവാനും കഴിഞ്ഞു. |
| (സി) | ഈ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ച കുടിവെള്ള പദ്ധതികളിൽ എത്രയെണ്ണം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്; | (സി) | 2006-ൽ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ പദ്ധതികളിൽ 92% പദ്ധതികളും സുസ്ഥിരമാണെന്ന് വിലയിരുത്തുകയുണ്ടായി. ആയതിനുശേഷം KRWSA പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല. |
| (ഡി) | ഉപഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള ജലനിധി പദ്ധതി പ്രവർത്തന | (ഡി) | ഉണ്ട്; സാങ്കേതിക ഉപദേശം ലഭിക്കുന്നതിലും ഭീമമായ അറ്റകുറ്റ പണികൾ നേരിടേണ്ടിവരുമ്പോഴും |

| | | | |
|---|---|---|---|
| | വൈഷമ്യങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | വർദ്ധിച്ചുവരുന്ന ജനസംഖ്യാനുപാതികമായി വിതരണ ശൃംഖല വിപുലീകരിക്കുന്നതിനും സ്രോതസ്സിന്റെ ജലപരിപോഷണ പ്രവർത്തനങ്ങൾക്ക്, പദ്ധതി തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ ലഭിക്കുന്നതിലും ഗുണഭോക്തൃ സംഘങ്ങൾക്ക് പ്രയാസം ഉള്ളതായി ഒന്നാം ഘട്ടത്തിലെ തെരഞ്ഞെടുത്ത പഞ്ചായത്ത് പ്രതിനിധികളുടെ യോഗത്തിൽ പരാമർശിക്കുകയുണ്ടായി. |
| (ഇ) | സാങ്കേതിക കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ മുടങ്ങിയ പദ്ധതികൾ എത്ര; | (ഇ) | ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പദ്ധതികളിൽ സാങ്കേതിക കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ മുടങ്ങിയ പദ്ധതികളെക്കുറിച്ച് അറിയുന്നതിനായുള്ള പഠനം നടത്തുന്നതിനായി KRWSA പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | ജലനിധി ഒന്ന്, രണ്ട് ഘട്ടങ്ങളിലെ ആകെ ചെലവ് എത്രയാണ്; ജലനിധി പദ്ധതി ഓഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏതെല്ലാമാണ്? | (എഫ്) | ഒന്നാം ഘട്ടത്തിലെ ആകെ ചെലവ് 416 കോടി രൂപയാണ്. രണ്ടാം ഘട്ടത്തിൽ 2013 മെയ് 31 വരെയുള്ള ആകെ ചെലവ് 27.36 കോടി രൂപയാണ്.<br>KRWSA യുടെ വാർഷിക കണക്കുകൾ KRWSA യുടെ ജനറൽ ബോഡി നിയമിക്കുന്ന ചാർ ട്ടേഡ് അക്കൗണ്ടന്റ്സ് സ്ഥാപനം ഓഡിറ്റ് ചെയ്യുവരുന്നു. ഗുണഭോക്തൃ സമിതി പഞ്ചായത്തുകൾ എന്നിവയിലെ ധനവിനിയോഗം സാക്ഷ്യപ്പെടുത്തുന്നതിന് ഇത്തരത്തിൽ പ്രത്യേക ചാർ ട്ടേഡ് അക്കൗണ്ടന്റ്സ് സ്ഥാപനങ്ങളെയും നിയമിക്കുന്നുണ്ട്. ഒരു ഗുണഭോക്തൃ സമിതിയിൽ പ്രോജക്ട് കാലയളവിൽ ഇത്തരത്തിൽ ഏറ്റവും കുറഞ്ഞത് മൂന്ന് ആഡിറ്റുകൾ നടത്താറുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ സമിതികൾക്ക് പദ്ധതി നടത്തിപ്പിനായി |

തുക നൽകുന്നതും ഗുണഭോക്തൃസമിതി തലത്തിൽ നടന്ന ചെലവുകൾ അംഗീകരിക്കുന്നതും പ്രസ്തുത ആഡിറ്റ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ്. കൂടാതെ KRWSA യുടെ കണക്കുകളിന്മേൽ കംട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ പരിശോധനയും വർഷം തോറും നടന്നുവരുന്നു. ജലനിധി രണ്ടാം ഘട്ടത്തിൽ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതിന് KRWSA സമർപ്പിക്കുന്ന സ്റ്റേറ്റ് മെന്റുകളും കംട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഓഡിറ്റ് ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ